2025
NOVEMBER
13
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഇന്ത്യ–യുഎസ്
# വ്യാപാരക്കരാർ യാഥാർഥ്യത്തിലേക്ക്



**ന്യൂഡൽഹി:** ഒടുവിൽ, ഇന്ത്യയും യുഎസും തമ്മിലുള്ള വ്യാപാരക്കരാർ യാഥാർഥ്യത്തിലേക്ക്. ഇന്ത്യൻ പ്രതിനിധിസംഘം തയാറാക്കിയ വിശദമായ വ്യാപാര പ്രോപ്പോസലുകൾ അമേരിക്കയ്ക്ക് കൈമാറി. ഇനി ചർച്ചയുടെ ആവശ്യമില്ലെന്നും അന്തിമ തീരുമാനം എടുക്കേണ്ടത് അമേരിക്കയാണെന്നുമാണ് കേന്ദ്രസർക്കാർ വൃത്തങ്ങൾ വ്യക്തമാക്കുന്നത്.

ഇന്ത്യയ്ക്കുമേൽ ചുമത്തിയത് കനത്ത തീരുവയാണെന്ന് കഴിഞ്ഞ ദിവസം സമ്മതിച്ച യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്, തീരുവ വൈകാതെ വെട്ടിക്കുറയ്ക്കുമെന്നും വ്യക്തമാക്കിയിരുന്നു. ഇരു രാജ്യങ്ങൾക്കും പ്രയോജനപ്പെടുന്ന ഡീൽ ഉടനുണ്ടാകുമെന്നും ട്രംപ് പറഞ്ഞിരുന്നു.

ലോക വ്യാപാര സംഘടനയുടെ (ഡബ്ല്യു.ടി.ഒ) ചട്ടങ്ങൾക്ക് അനുസൃതമായ പ്രൊപ്പോസലാണ് ഇന്ത്യ യു.എസിന് കൈമാറിയത്. അതേസമയം, രാജ്യതാൽപര്യം ബലികഴിച്ച് വ്യാപാരക്കരാറുകളിൽ ഒപ്പിടില്ലെന്ന് കേന്ദ്ര വാണിജ്യമന്ത്രി പീയുഷ് ഗോയൽ പറഞ്ഞു. രാജ്യത്തെ കർഷകരുടെയും പാലുൽപന്ന മേഖലയുടെയും താൽപര്യങ്ങളെ ഹനിക്കുന്ന നടപടികളുണ്ടാവില്ല.

യു.എസിന്റെ കനത്ത തീരുവമൂലം പ്രതിസന്ധിയിലായ കൃഷി ഉൾപ്പെടെയുള്ള മേഖലകൾക്ക് കരുത്തേകാനായി റഷ്യ ഉൾപ്പെടെ പുതിയ വിപണികളിലേക്കുള്ള പ്രവേശനം എളുപ്പമാക്കാനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും ഗോയൽ പറഞ്ഞു. സംസ്ഥാന വാണിജ്യ, വ്യവസായ മന്ത്രിമാരുടെ ഉദ്യോഗ് സമാഗം-2025 കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു പീയുഷ് ഗോയൽ.

ഇന്ത്യയുടെ കാർഷിക, ക്ഷീരോൽപന്ന വിപണി തുറന്നുകിട്ടണമെന്നും അമേരിക്കൻ ഉൽപന്നങ്ങളുടെ തീരുവ പൂജ്യമാക്കണമെന്നും ട്രംപ് നേരത്തേ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ഇന്ത്യൻ ചർച്ചാസംഘം ഇതിനെ ശക്തമായി എതിർത്തിരുന്നു. ഈ വിപണികൾ യു.എസിന് തുറന്നുകൊടുക്കുകയും തീരുവ ഒഴിവാക്കുകയും ചെയ്യുന്നത് രാജ്യത്ത് വീണ്ടും കർഷക പ്രക്ഷോഭത്തിന് വഴിയൊരുക്കുമെന്ന ഭീതി കേന്ദ്ര സർക്കാരിനുമുണ്ട്. യു.എസുമായി ഡീൽ ഉടനുണ്ടാകുമെന്നും തീരുവഭാരം കുറയുമെന്നുമുള്ള പ്രതീക്ഷകളുടെ കരുത്തിൽ സീഫൂഡ്, വസ്ത്ര കയറ്റുമതി മേഖലയിലെ ഓഹരികൾ ഇന്നലെ മികച്ച നേട്ടം സ്വന്തമാക്കിയിരുന്നു. സീഫൂഡ് കയറ്റുമതി രംഗത്തെ അപെക്സ് ഫ്രോസൻ, അവന്തി ഫീഡ്സ് തുടങ്ങിയവ 11% വരെ ഉയർന്നു. വസ്ത്ര കയറ്റുമതി രംഗത്തെ ഗോകൽദാസ് എക്സ്പോർട്സ്, റെയ്മണ്ട് ലൈഫ്സ്റ്റൈൽ എന്നിവയുടെ നേട്ടം 5% വരെ. കേരളക്കമ്പനിയായ കിറ്റെക്സ് ഗാർമെന്റ്സ് 2.5% ഉയർന്നു.

യു.എസിൽ ട്രംപ് ഗവൺമെന്റ് കഴിഞ്ഞ 42 ദിവസമായി നേരിടുന്ന ഷട്ട്ഡൗണിന് ഉടൻ തിരശീല വീഴും. ഇതു സംബന്ധിച്ച ബിൽ സെനറ്റിൽ പാസായി. ഇനി ഹൗസ് ഓഫ് റപ്രസന്റേറ്റീവ്സ് കൂടി പാസാക്കിയാൽ ഷട്ട്ഡൗൺ ഒഴിവാകും. അതേസമയം, യു.എസ് ഓഹരികൾ സമ്മിശ്ര പ്രകടനമാണ് നടത്തിയത്. ഷട്ട്ഡൗൺ മാറുന്നത് നേട്ടമാണെങ്കിലും ടെക് ഓഹരികളിലുണ്ടായ വിൽപന സമ്മർദമാണ് തിരിച്ചടിയായത്.



## പ്രാദേശിക ഭാഷയറിയുന്ന ഉദ്യോഗാർഥികൾക്ക് ജോലി നൽകാൻ പൊതുമേഖലാ ബാങ്കുകൾ

**കൊച്ചി:** പ്രാദേശിക ഭാഷയറിയുന്ന ഉദ്യോഗാർഥികൾക്കായി പൊതുമേഖലാ ബാങ്കുകൾ അവരുടെ വാതിലുകൾ കൂടുതൽ തുറക്കുന്നു. ഇതിന്റെ ഭാഗമായി നിയമന നയങ്ങളിലും പരിശീലനത്തിലും കാതലായ മാറ്റങ്ങൾ വരുത്താൻ ബാങ്കുകൾ ഒരുങ്ങുകയാണ്.

ബാങ്കിങ് ജീവനക്കാർക്ക് ഉപഭോക്താക്കളുമായി നിരന്തരം ആശയവിനിമയം നടത്തേണ്ടതിനാൽ ബ്രാഞ്ചുകളിൽ ജോലി ചെയ്യുന്നവർക്ക് പ്രാദേശിക ഭാഷകളിൽ നല്ല പരിചയം ഉണ്ടായിരിക്കണമെന്ന് ധനമന്ത്രി നിർമല സീതാരാമൻ അടുത്തയിടെ നിർദേശിച്ചിരുന്നു. ഇതിന്റെ വെളിച്ചത്തിലാണ് പൊതുമേഖലാ ബാങ്കുകൾ ഇത്തരമൊരു മാറ്റത്തിന് തയാറെടുക്കുന്നത്. കർണാടകയിലും മറ്റും ഭാഷയുടെ പേരിൽ ബാങ്ക് ഓഫിസറും ഉപയോക്താക്കളും തമ്മിൽ നടന്ന പോരും ദേശീയതലത്തിൽ ചർച്ചയായിരുന്നു.

ക്ലറിക്കൽ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ നിയമനം സംസ്ഥാന തലത്തിലായതിനാൽ അവരെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു പ്രശ്നമല്ല. 3 വർഷം കഴിയുമ്പോൾ ബാങ്ക് ജീവനക്കാർക്ക് സ്ഥലംമാറ്റം ഉണ്ടാകുമെങ്കിലും ക്ലറിക്കൽ വിഭാഗത്തിലുള്ളവരെ സംസ്ഥാനത്തിന് പുറത്തേക്കു വിടാറില്ല.

എന്നാൽ പൊതുമേഖലാ ബാങ്കുകളിലെ ഓഫിസർമാരെ തിരഞ്ഞെടുക്കുന്നത് ദേശീയ തലത്തിൽ നടക്കുന്ന കേന്ദ്രീകൃത പരീക്ഷയിലൂടെയാണ്. അതുകൊണ്ടു തന്നെ അവരെ രാജ്യത്തിന്റെ എല്ലാ ഭാഗത്തും വിന്യസിക്കേണ്ടി വരും. 3 വർഷം കൂടുമ്പോഴുള്ള സ്ഥലം മാറ്റത്തിൽ ഇവർക്ക് പ്രാദേശിക ഭാഷയറിയാത്ത സംസ്ഥാനങ്ങളിൽ ജോലി ചെയ്യേണ്ടതായും വരും.

എസ്.ബി.ഐ ചെയർമാൻ സി.എസ്.സെട്ടി പറയുന്നത് എസ്ബിഐയുടെ ഓഫിസർ പോസ്റ്റിലേക്ക് വരുന്ന അപേക്ഷകളിൽ 10% മാത്രമാണ് ദക്ഷിണേന്ത്യയിൽ നിന്നുള്ളതെന്നാണ്. ബാക്കി 90 ശതമാനവും വരുന്നത് മറ്റുള്ള ഭാഗങ്ങളിൽ നിന്നാണ്. അതുകൊണ്ടു തന്നെ തെക്കൻ സംസ്ഥാനങ്ങളിൽ വടക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ഓഫിസർമാരെ നിയമിക്കാൻ ബാങ്ക് നിർബന്ധിതമാകും.

ഏറ്റവും കൂടുതൽ ശാഖകളുള്ള എസ്.ബി.ഐ, പഞ്ചാബ് നാഷനൽ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ തുടങ്ങിയവയാണ് ഇപ്പോൾ ഈ പ്രശ്നം നേരിടുന്നത്. പൊതുമേഖലാ ബാങ്കുകളിലെ ആകെയുള്ള 7,48,000 ജീവനക്കാരിൽ, 4,14,000 പേർ ഓഫിസർ തസ്തികകളിൽ ജോലിചെയ്യുന്നവരാണ്. ഇത് ആകെ ജീവനക്കാരുടെ 55% വരും. ഇപ്പോൾ തന്നെ ഓഫിസർമാർക്ക് പ്രാദേശിക ഭാഷയിൽ പരിശീലനം നൽകാനുള്ള സംവിധാനങ്ങളുണ്ടെന്ന് ബാങ്കുകൾ പറയുന്നു. എന്നാൽ അവ അത്ര ഫലപ്രദമല്ലന്നും ബാങ്കുകൾ തന്നെ സമ്മതിക്കുന്നു.

## വ്യവസായ സൗഹൃദത്തിൽ നേട്ടം നിലനിർത്തി കേരളം

**ന്യൂഡൽഹി:** വ്യവസായ സൗഹൃദ നടപടികളുമായി ബന്ധപ്പെട്ട കേന്ദ്ര പട്ടികയിൽ കേരളം ഫാസ്റ്റ് മൂവേഴ്സ് പട്ടികയിൽ. ഒഡീഷ, പഞ്ചാബ്, ആന്ധ്ര, രാജസ്ഥാൻ, മധ്യപ്രദേശ്, അസം, ഉത്തരാഖണ്ഡ്, ജമ്മു കശ്മീർ, കർണാടക എന്നീ സംസ്ഥാനങ്ങളാണ് കേരളത്തിനൊപ്പം ഫാസ്റ്റ് മൂവേഴ്സ് വിഭാഗത്തിലുൾപ്പെട്ടത്.

വ്യവസായ സൗഹൃദം കണക്കാക്കുന്നതിനായുള്ള 25 ബിസിനസ് പരിഷ്കരണ സൂചികകളിൽ 4 എണ്ണത്തിൽ കേരളം ടോപ്പ് അച്ചീവേഴ്സ് (95 ശതമാനത്തിനു മുകളിൽ) വിഭാഗത്തിലെത്തി. 'ഫാസ്റ്റ് മൂവേഴ്സ്' പട്ടികയിലുള്ള ഉത്തരാഖണ്ഡ്, പഞ്ചാബ് സംസ്ഥാനങ്ങൾ 5 ബിസിനസ് പരിഷ്കരണ സൂചികകളിൽ ടോപ്പ് അച്ചീവേഴ്സ് വിഭാഗത്തിലെത്തി.

ഡൽഹിയിൽ നടന്ന സംസ്ഥാന വ്യവസായ മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്രമന്ത്രി പീയൂഷ് ഗോയലിൽ നിന്ന് മന്ത്രി പി.രാജീവ് പുരസ്കാരം ഏറ്റുവാങ്ങി. 'ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ' നടപ്പാക്കുന്നതിന്റെ മികവനുസരിച്ച് 3 നിരയായിട്ടാണ് സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പ്രകടനം വിലയിരുത്തുന്നത്.

2020ലെ റാങ്കിങ് അനുസരിച്ച് വളർച്ച പ്രത്യാശിക്കുന്ന സംസ്ഥാനങ്ങൾ ഉൾപ്പെട്ട മൂന്നാം നിരയിലായിരുന്നു (ആസ്പയറേഴ്സ്) കേരളം. 2022ൽ വ്യവസായ വളർച്ചയിലെത്തിയ വിഭാഗമായ 'ഫാസ്റ്റ് മൂവേഴ്സിൽ' എത്തിയ കേരളം ഇത്തവണയും സ്ഥാനം നിലനിർത്തി. സംരംഭകരുടെ അടക്കം അഭിപ്രായം കൂടി പരിഗണിച്ചാണ് റാങ്കിങ് തീരുമാനിക്കുന്നത്.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 9%*
വാർഷിക പലിശ
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

## ഖനന യന്ത്രങ്ങളുടെ ഇറക്കുമതി; ഇന്ത്യയുടെ ചൈനീസ് ആശ്രയത്വം കൂടി

**മുംബൈ:** അപൂർവ ഭൗമ ധാതുക്കൾക്കും ഖനനവുമായി ബന്ധപ്പെട്ട യന്ത്രോപകരണങ്ങൾക്കുമായുള്ള ഇന്ത്യയുടെ ചൈനീസ് ആശ്രയത്വം കുത്തനെ വർധിച്ചതായി റിപ്പോർട്ട്.

വാണിജ്യ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം അജിറ്റേറ്ററുകൾ, ഫർണസുകൾ, ഇലക്ട്രോലൈസറുകൾ, വേർതിരിക്കൽ സംവിധാനങ്ങൾ എന്നിവയുൾപ്പെടെ അപൂർവ ധാതുക്കളുടെ ശുദ്ധീകരണത്തിനും ഉൽപ്പാദനത്തിനും ഉപയോഗിക്കുന്ന പ്രത്യേക ഉപകരണങ്ങളുടെ ഇറക്കുമതി 2018 സാമ്പത്തിക വർഷത്തിലെ 263 മില്യൺ ഡോളറിൽനിന്ന് 2025 സാമ്പത്തികവർഷത്തിൽ 1.1 ബില്യൺ ഡോളറായി ഉയർന്നു. ഇത്തരം യന്ത്രസാമഗ്രികളുടെ ഇന്ത്യയുടെ ഇറക്കുമതിയിൽ ചൈനയുടെ പങ്ക് 2018 സാമ്പത്തിക വർഷത്തിൽ 24.6 ശതമാനത്തിൽ നിന്ന് 2025 സാമ്പത്തിക വർഷത്തിൽ 44.6 ശതമാനമായി ഉയർന്നു, ഇത് ഈ കാലയളവിലെ ഏറ്റവും ഉയർന്ന നിരക്കാണ്.

അസംസ്കൃത വസ്തുക്കൾക്ക് പുറമെ, അവ സംസ്കരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളിലേക്കും ഇന്ത്യയുടെ ചൈനീസ് ആശ്രിതത്വം ഉയരുന്നു. സ്വന്തമായ അപൂർവ്വ ധാതു മൂല്യ ശൃംഖല കെട്ടിപ്പടുക്കുന്നതിൽ ഇന്ത്യ നേരിടുന്ന തന്ത്രപരമായ വെല്ലുവിളിയാണ് ഇത് അടിവരയിടുന്നത്. ശുദ്ധീകരണം, വേർതിരിക്കൽ, കാന്ത നിർമാണം എന്നിവയിൽ ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ ഇന്ത്യൻ ഇറക്കുമതിയുടെ പകുതിയോളം ഇപ്പോൾ ചൈനയിൽ നിന്നാണ്. ക്ലീൻ എനർജി, ഇലക്ട്രിക് മൊബിലിറ്റി, പ്രതിരോധ നിർമാണം തുടങ്ങിയ നിർണായകമായ സാങ്കേതികവിദ്യകൾക്ക് ഈ യന്ത്രങ്ങൾ അത്യാവശ്യമാണ്. മിക്സിംഗ് പാഡിലുകൾ, ഇൻഡസ്ട്രിയൽ മിക്സറുകൾ എന്നിവയുടെ ഇറക്കുമതി ഇരട്ടിയായി 170 മില്യൺ ഡോളറിലെത്തി. ലോഹങ്ങൾ വേർതിരിച്ചെടുക്കാൻ ഉപയോഗിക്കുന്ന ഇലക്ട്രോലൈസറുകളുടെ ഇറക്കുമതി 32 മില്യൺ ഡോളറായി മൂന്നിരട്ടിയായി വർധിച്ചു.



# 23ന്റെ നിറവിൽ അമൃത കോളേജ് ഓഫ് നേഴ്സിംഗ്

**കൊച്ചി:** അമൃത കോളേജ് ഓഫ് നേഴ്സിംഗ് ഇരുപത്തി മൂന്നാമത് വാർഷികം ആഘോഷിച്ചു. ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള ബോധവത്കരണ ദിനമായാണ് വാർഷികം ആഘോഷിച്ചത്. എറണാകുളം ഡി.ഐ.ജി ഓഫീസ് സ്പെഷ്യൽ അന്വേഷണ സംഘത്തിലെ അംഗം പി.എൻ നിജു കൗമാരക്കാർക്കിടയിലെ ലഹരി ഉപയോഗത്തിന് എതിരെ സംഘടിപ്പിച്ച ബോധവത്കരണ ക്ലാസിന് നേതൃത്വം നൽകി. മുൻ പോലീസ് മേധാവി ഋഷിരാജ് സിംഗ് വാർഷികാഘോഷത്തിൽ മുഖ്യാതിഥിയായിരുന്നു. ജാഗ്രതയും അറിവുമാണ് ലഹരിക്ക് എതിരെയുള്ള പ്രതിരോധമെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഓർമിപ്പിച്ചു.

അമൃത കോളേജ് ഓഫ് നേഴ്സിംഗ് പ്രിൻസിപ്പൽ ഡോ. കെ. ടി. മോളി, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. എം. സബിത എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ചൈൽഡ് ഹെൽത്ത് നേഴ്സിംഗ് വിഭാഗം മേധാവി പ്രൊഫ. ഡോ. കെ.പി അനില ചടങ്ങിൽ പ്രഭാഷണം നടത്തി. എസ്. എൻ. എ സംസ്ഥാന തല വിജയികൾക്കുള്ള സമ്മാന വിതരണത്തിനും വാർഷികാഘോഷം വേദിയായി. കോളേജ് മാഗസിൻ, ന്യൂസ് ലെറ്റർ എന്നിവയുടെ പ്രകാശനവും ചടങ്ങിൽ വെച്ച് നടന്നു.

വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീല പവിത്രൻ ,കമ്മ്യൂണിറ്റി ഹെൽത്ത് നേഴ്സിംഗ വിഭാഗം മേധാവി പ്രൊഫ. നിധിൻ ഏലിയാസ് തുടങ്ങിയവർ സംസാരിച്ചു

# പ്രമേഹം: പ്രധാനകാരണം മോശം ഭക്ഷണശീലങ്ങളും വ്യായാമം ഇല്ലാത്തതും

**കൊച്ചി:** പ്രമേഹം ഇന്ത്യയിൽ ഏറ്റവും വ്യാപകമായ സാംക്രമികേതര രോഗങ്ങളിൽ ഒന്നാണെന്നും, മോശം ഭക്ഷണശീലങ്ങളും വ്യായാമം ഇല്ലാത്ത ജീവിതശൈലിയുമാണ് ഇതിന് പ്രധാന കാരണമെന്നും പ്രമുഖ പോഷകഹാരാ വിദഗ്ധയും വെൽനസ് കൺസൾട്ടന്റുമായ ഷീല കൃഷ്ണസ്വാമി പറഞ്ഞു.

നവംബർ 14ന് ലോക പ്രമേഹ ദിനം ആചരിക്കുന്നതിന്റെ ഭാഗമായി ആൽമണ്ട് ബോർഡ് കാലിഫോർണിയയുടെ ക്യാമ്പയിനിൽ സംസാരിക്കുകയായിരുന്നു അവർ. ശ്രദ്ധയോടെയുള്ള ഭക്ഷണ തിരഞ്ഞെടുപ്പുകൾ നടത്താൻ ഈ ലോക പ്രമേഹ ദിനത്തിൽ എല്ലാവരും പ്രതിജ്ഞ ചെയ്യണം. ബദാം, പച്ചക്കറികൾ, മുളപ്പിച്ച ധാന്യങ്ങൾ, ഫ്രഷ് ഫ്രൂട്ട്സ് തുടങ്ങിയ പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ദിനചര്യയിൽ ഉൾപ്പെടുത്തുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവ് മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ സഹായിക്കും. പ്രോട്ടീൻ, അപൂരിത കൊഴുപ്പുകൾ, ഭക്ഷണ നാരുകൾ എന്നിവയാൽ സമ്പന്നമാണ് ബദാം, കൂടാതെ ഇതിന് കുറഞ്ഞ ഗ്ലൈസെമിക് സൂചികയാണുള്ളത്. അതായത് രക്തത്തിലെ പഞ്ചസാരയുടെ അളവിൽ പെട്ടെന്നുള്ള വർധനവിന് ഇത് കാരണമാകില്ലെന്നും അവർ ചൂണ്ടിക്കാട്ടി.

ടൈപ്പ് 2 പ്രമേഹമുള്ളവരിൽ ഗ്ലൂക്കോസ് നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനും, കാർബോഹൈഡ്രേറ്റ് കൂടുതലുള്ള ഭക്ഷണങ്ങളുടെ രക്തത്തിലെ പഞ്ചസാരയുടെ സ്വാധീനം കുറയ്ക്കുന്നതിനും ബദാം സഹായിക്കുമെന്ന് ഗവേഷണ പഠനങ്ങൾ സൂചിപ്പിക്കുന്നതായി ഡൽഹി മാക്സ് ഹെൽത്ത്കെയർഡയറ്റെറ്റിക്സ് റീജിയണൽ ഹെഡ് ഋതിക സമദ്ദാർ പറഞ്ഞു. പയർവർഗങ്ങൾ, കാലിഫോർണിയ ബദാം പോലുള്ള നട്സുകൾ, ഇലക്കറികൾ, ധാന്യങ്ങൾ എന്നിവ അടങ്ങിയ ഒരു സന്തുലിതമായ ഭക്ഷണം പഞ്ചസാരയുടെ അളവ് വർധിക്കുന്നത് തടയാൻ സഹായിക്കുമെന്നും അവർ പറഞ്ഞു. ജോലി സ്ഥലത്തെ പ്രമേഹം എന്നതാണ് ഈ വർഷത്തെ പ്രമേഹ ദിനത്തിന്റെ പ്രമേയം.

പ്രമേഹത്തെക്കുറിച്ച് കൂടുതൽ മനസിലാക്കാനും, ജോലിസ്ഥലത്ത് ഫലപ്രദമായ പരിപാലനത്തിനായി സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കാനും തൊഴിലുടമകളെയും ജീവനക്കാരെയും ഒരുപോലെ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഈ പ്രമേയം തിരഞ്ഞെടുത്തിരിക്കുന്നത്.

# മണ്ഡല–മകരവിളക്ക് തീർഥാടനം: ശബരിമല നട 16ന് തുറക്കും; മകരവിളക്ക് ജനുവരി 14ന്

**ശബരിമല:** മണ്ഡല- മകരവിളക്ക് തീർഥാടനത്തിന് അയ്യപ്പക്ഷേത്രനട 16നു വൈകിട്ട് 5നു തുറക്കും. തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ നിലവിലെ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്ന് ശ്രീകോവിലിലെ വിളക്ക് തെളിക്കും. പിന്നീട് മാളികപ്പുറം ക്ഷേത്രം തുറക്കാൻ മേൽശാന്തി വാസുദേവൻ നമ്പൂതിരിക്ക് താക്കോലും ഭസ്മവും നൽകും. പതിനെട്ടാംപടി ഇറങ്ങി ആഴി തെളിച്ച ശേഷമാണു തീർഥാടകരെ പടികയറി ദർശനത്തിന് അനുവദിക്കുക. നിയുക്ത മേൽശാന്തിമാരാണ് ആദ്യം പടി കയറുക. 6 മണിയോടെ ചാലക്കുടി വാസുപുരം മറ്റത്തൂർകുന്ന് ഏറന്നൂർ മനയിൽ ഇ.ഡി. പ്രസാദ് ശബരിമലയിലും കൊല്ലം മയ്യനാട് കൂട്ടിക്കട ആയിരം തെങ്ങ് മട്ടത്തുമഠത്തിൽ എം.ജി മനു നമ്പൂതിരി മാളികപ്പുറത്തും മേൽശാന്തിമാരാകുന്ന ചടങ്ങുകൾ നടക്കും.

തന്ത്രി കണ്ഠര് മഹേഷ് മോഹനര് കലശം പൂജിച്ച് അഭിഷേകം ചെയ്യും. പിന്നീട് കൈപിടിച്ചു ശ്രീകോവിലിൽ കൊണ്ടുപോയി മൂലമന്ത്രം ചൊല്ലിക്കൊടുക്കും. 17നു വൃശ്ചിക പ്പുലരിയിൽ പൂജകൾ തുടങ്ങും. ഡിസംബർ 26നു വൈകിട്ട് 6.30നു തങ്കയങ്കി ചാർത്തി ദീപാരാധന നടക്കും. 27നു മണ്ഡലപൂജയ്ക്കു ശേഷം രാത്രി 10നു നട അടയ്ക്കും. മകരവിളക്കിനായി 30നു വൈകിട്ട് 5ന് നട തുറക്കും. മകരവിളക്ക് ജനുവരി 14നാണ്. തീർഥാടനത്തിന് സമാപനം കുറിച്ച് 20നു നട അടയ്ക്കും.

## കുഫോസിൽ എം.എഫ്.എസ്.സി സ്പോട്ട് അഡ്മിഷൻ 2025 നവംബർ 14 ന്

**കൊച്ചി:** കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ (കുഫോസ്) വിവിധ എം.എഫ്.എസ്.സി കോഴ്സുകളിൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും സംവരണം ചെയ്തിട്ടുള്ളതിൽ ഒഴിവുള്ള സീറ്റുകളിലേക്ക് 2025 നവംബർ 14 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്.

താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി കുഫോസ് പനങ്ങാട് ക്യാമ്പസിലെ അക്കാഡമിക് ബ്ലോക്കിലെ 3ാം നിലയിലുള്ള റൂം നമ്പർ 407 ൽ നവംബർ 14 ന് രാവിലെ 11 മണിക്ക് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് www.kufos.ac.in സന്ദർശിക്കുക

## ദേശീയ ലൈബ്രറി വാരാഘോഷം

**പനങ്ങാട്:** ദേശീയ ലൈബ്രറി വാരാഘോഷത്തിന്റെ ഭാഗമായി നവംബർ 14 നു കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല സെൻട്രൽ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഫിഷറീസ് സർവ്വകലാശാല വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ യുഗത്തിൽ ലൈബ്രറികളുടെ പങ്ക് എന്ന വിഷയത്തിൽ ഉപന്യാസ രചനയും എന്റെ സ്വപ്ന ലൈബ്രറി എന്ന വിഷയത്തിൽ ചിത്രരചനയും സംഘടിപ്പിക്കുന്നു.

നവംബർ 19 ന് സർവ്വകലാശാല സെമിനാർ ഹാളിൽ സംഘടിപ്പിക്കുന്ന പൊതുസമ്മേളനം സർവ്വകലാശാല വൈസ് ചാൻസലർ ഡോ. എ. ബിജുകുമാർ ഉദ്ഘാടനം ചെയ്യും. സുനിൽ പി. ഇളയിടം മുഖ്യപ്രഭാഷണവും മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള സമ്മാനദാനവും നിർവ്വഹിക്കും.

## അലങ്കാര മത്സ്യകൃഷി പരിശീലനം

**പനങ്ങാട്:** കേരള ഫിഷറീസ് സർവകലാശാലയിലെ അകാക്കൾച്ചർ വകുപ്പ്, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് അഖിലേന്ത്യ അലങ്കാര മത്സ്യ ശൃംഖല പദ്ധതിയുടെ ഭാഗമായി മൂന്ന് ദിവസത്തെ അലങ്കാര മത്സ്യകൃഷി പരിശീലന പരിപാടി നവംബർ 26 മുതൽ 28 വരെ കുഫോസിൽ സംഘടിപ്പിക്കുന്നു.

പരിശീലനത്തിന്റെ ലക്ഷ്യം അലങ്കാര മത്സ്യങ്ങളുടെ ശാസ്ത്രീയ പ്രജനനവും കൃഷിയും സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ മത്സ്യകർഷകർ, സംരംഭകർ, വിദ്യാർത്ഥികൾ എന്നിവർക്കായി പ്രായോഗികമായി പരിചയപ്പെടുത്തുക എന്നതാണ്.

പരിപാടിയിൽ ജലഗുണനിലവാര നിയന്ത്രണം, മത്സ്യ പ്രജനനം, മത്സ്യകൃഷി, വിവിധതരം മത്സ്യതീറ്റകൾ , വിപണന സാധ്യതകൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ പ്രഭാഷണങ്ങളും പ്രായോഗിക സെഷനുകളും നടത്തും.

പരിശീലന പരിപാടിയുടെ കോഓർഡിനേറ്റർ ഡോ. ബിനു വർഗീസ്, അകാക്കൾച്ചർ വകുപ്പ്, കുഫോസ്. രജിസ്ട്രേഷൻ ഫീസ് ആയിരത്തി അഞ്ഞൂറ് രൂപ. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി ഇനിപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക 8129975496 / 7592002400.

## എറണാകുളം റവന്യൂ ജില്ലാ കലോത്സവം: ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി** : എറണാകുളം റവന്യൂ ജില്ലാ കലോത്സവത്തിന്റെ ലോഗോ പ്രകാശനം ചെയ്തു. എറണാകുളം സെന്റ് ആൽബർട്സ് എച്ച്എസ്എസ് മാനേജർ ഫാ. ജയൻ പായപ്പിള്ളി അധ്യക്ഷത വഹിച്ച ചടങ്ങിൽ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ സുബിൻ പോൾ പബ്ലിസിറ്റി കമ്മിറ്റി കൺവീനർ ആന്റണി ജോസഫിന് നൽകി ലോഗോയുടെ പ്രകാശനം നിർവഹിച്ചു. എറണാകുളം ഡി.ഇ.ഒ സക്കീന മലയിൽ, വി.എച്ച്.എസ്.ഇ പ്രതിനിധി ബിജു ഈപ്പൻ, എച്ച്.എസ്.എസ് കോർഡിനേറ്റർ ശങ്കര നാരായണൻ, കൈറ്റ് ജില്ലാ കോർഡിനേറ്റർ അജി ജോൺ, ഡയറ്റ് പ്രിൻസിപ്പൽ ദീപ ജി. എസ്, ഡി.ഡി.ഇ.സി.എ ബേബി മേരി ജോസഫ്, എറണാകുളം ഡി.ഇ.ഒ സക്കീന, പബ്ലിസിറ്റി ആൻഡ് മീഡിയ കമ്മിറ്റി കൺവീനർ ആന്റണി ജോസഫ് ഗോപുരത്തിങ്കൽ, അധ്യാപക സംഘടന നേതാക്കളായ ജോമോൻ ജോസ്, ഏലിയാസ് മാത്യു, ബിജു കുര്യൻ, സിബി ആഗസ്റ്റിൻ, ഇ. ഐ സിറാജ്, ഫിലോമിന ജോയ്സി, കെ. എ മാഹി, നിഷാദ് ബാബു, ടി. യു സാദിഖ്, കെ.വി ബിന്ദു ,തോമസ് പീറ്റർ, ജോസഫ് സെൻ വിവിധ സംഘടന പ്രതിനിധികൾ, എ.ഇ.ഒമാർ തുടങ്ങിയവർ പങ്കെടുത്തു കോതമംഗലം പുതുപ്പാടി ഫാദർ ജോസഫ് മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥി ബിൻസിൽ ബിജു മാത്യു നിർമിച്ച ലോഗോയാണ് ഇത്തവണത്തെ ലോഗോയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. പല്ലാരിമംഗലം മൈലൂർ പുൽപ്പറമ്പിൽ പി.എം ബിജുവിന്റെയും ബിസ്മി ടി. എൽദോസിന്റെയും മകനാണ് ബിൻസിൽ. മികച്ച ലോഗോയ്ക്ക് മേളയുടെ ഉദ്ഘാടന സമ്മേളനത്തിൽ പുരസ്കാരം നൽകും. 14 ഉപ ജില്ലകളിൽ നിന്നുമായി 8000ഓളം വിദ്യാർത്ഥികൾ പങ്കെടുക്കും. എറണാകുളം സെന്റ് ആൽബർട്സ് സ്കൂൾ, സെന്റ് ആൽബർട്സ് ടി.ടി.ഐ, സെന്റ് ആന്റണിസ് സ്കൂൾ, സെന്റ് മേരീസ് സ്കൂൾ, ദാരുൾ ഉലൂം സ്കൂൾ എന്നിവയാണ് പ്രധാന വേദികൾ.

# സംവിധാനം ജഗൻ ഷാജി കൈലാസ്; നായകൻ ദിലീപ്

ജഗൻ ഷാജി കൈലാസിന്റെ സംവിധാനത്തിൽ ദിലീപ് നായകനാകുന്ന D152 ആരംഭിച്ചു. ചിത്രത്തിന്റെ പൂജാ ചടങ്ങുകൾ വൈക്കം മഹാദേവ ക്ഷേത്രത്തിൽ നടന്നു. ഉർവശി തീയ്യറ്റേഴ്സും കാക സ്‌റ്റോറിസും ചേർന്ന് നിർമ്മിച്ച് ഉർവശി തീയ്യറ്റേസ് അവതരിപ്പിക്കുന്ന D152ന്റെ ചിത്രീകരണം തൊടുപുഴയിൽ ആരംഭിക്കും. ദിലീപിന്റെ ഇതുവരെ കാണാത്ത വേറിട്ട ഗെറ്റപ്പിൽ വ്യത്യസ്ത പ്രായത്തിലൂടെ ത്രില്ലർ മൂഡിലുള്ള D152ന്റെ രചന വിബിൻ ബാലചന്ദ്രൻ നിർവഹിക്കുന്നു. സന്ദീപ് സേനൻ, ആലക്സ് ഇ. കുര്യൻ എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ. സംഗീത് സേനൻ, എം. നിമിത ഫ്രാൻസിസ് എന്നിവരാണ് ചിത്രത്തിന്റെ സഹ നിർമ്മാതാക്കൾ. ഛായാഗ്രഹണം: അജയ് ഡേവിഡ് കാച്ചപ്പള്ളി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: രഘു സുഭാഷ് ചന്ദ്രൻ, പ്രോജക്റ്റ് ഡിസൈനർ: മനു ആലുക്കൽ, മ്യൂസിക് ആന്റ് ബാക്ക്ഗ്രൗണ്ട് സ്കോർ: മുജീബ് മജീദ്, എഡിറ്റർ: സൂരജ് ഇ.എസ്, പ്രൊഡക്ഷൻ ഡിസൈൻ: സന്തോഷ് രാമൻ,മേക്കപ്പ്: റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം: സമീറാ സനീഷ്, പ്രൊഡക്ഷൻ കൺട്രോളർ: നോബിൾ ഏറ്റുമാനൂർ, ആർട്ട് ഡയറക്റ്റർ: സുനിൽ ലാവണ്യ, ചീഫ് അസ്സോസിയേറ്റ് ഡയറക്റ്റർ: സൈമന്തക് പ്രദീപ്, അസ്സോസിയേറ്റ് ഡയറക്ടർ: മുകേഷ് വിഷ്ണു, സ്റ്റിൽസ്: വിഗ്നേഷ് പ്രദീപ്, പ്രൊഡക്ഷൻ എക്സിക്യുട്ടിവ്: ബെർണാഡ് തോമസ്,ഡിസൈൻസ്: യെല്ലോ ടൂത്ത്സ്, പി ആർ ഓ: പ്രതീഷ് ശേഖർ.



# കുംഭയായി പൃഥ്വിരാജ്

എസ്.എസ് രാജമൗലി,മഹേഷ് ബാബു, പൃഥിരാജ്, പ്രിയങ്കാ ചോപ്ര ടീം ഒന്നിക്കുന്ന ചിത്രത്തിൽ പൃഥിരാജ് സുകുമാരൻ അവതരിപ്പിക്കുന്ന ക്യാരക്റ്റർ പോസ്റ്റർ റിലീസായി. ഗ്ലോബ് ട്രോട്ടറിന്റെ ലോകത്തു നിന്നുള്ള കുംഭൻ എന്ന കഥാപാത്രമാണ് പൃഥിരാജ് സുകുമാരൻ ചിത്രത്തിൽ അവതരിപ്പിക്കുന്നത്. രാജമൗലിയുടെയും മഹേഷ് ബാബുവിന്റെയും നിർമ്മാണ സംരംഭമാണ് ഗ്ലോബ് ട്രോട്ടർ. 'SSMB29' എന്നാണ് ചിത്രത്തിന് താൽക്കാലികമായി നൽകിയിരിക്കുന്ന പേര്. കണ്ടതിൽ നിന്ന് വ്യത്യസ്തമായി ദുഷ്ടനും ക്രൂരനും ആജ്ഞാശക്തിയുള്ളതുമായ എതിരാളിയായിട്ടാണ് ചിത്രത്തിൽ പൃഥിരാജ് അവതരിപ്പിക്കുന്ന കുംഭൻ എന്ന കഥാപാത്രം. ഹൈടെക് വീൽചെയറിൽ പൃഥിരാജിനെ പുതിയ കാലഘട്ടത്തിലെ വില്ലനായി പരിചയപ്പെടുത്തുന്നതായി പോസ്റ്ററിൽ കാണിക്കുന്നു. എസ്.എസ് രാജമൗലിയുടെ മുദ്ര പതിപ്പിച്ചിരിക്കുന്ന കേന്ദ്ര കഥാപാത്രത്തെയാണ് പൃഥിരാജിന്റെ കുംഭ പോസ്റ്റർ സൂചിപ്പിക്കുന്നത്. ആർആർആറിന് തൊട്ടുപിന്നാലെയാണ് എസ്.എസ് രാജമൗലി ഈ ബ്രഹ്മാണ്ഡ ചിത്രവുമായി എത്തുന്നത്. നവംബർ 15ന് ഹൈദരാബാദിലെ റാമോജി ഫിലിം സിറ്റിയിൽ



നടക്കുന്ന ലോഞ്ച് ഇവന്റ് ഇന്ത്യൻ സിനിമ കണ്ടതിൽ ഏറ്റവും വലിയ ആഘോഷങ്ങൾക്കാണ് സാക്ഷ്യം വഹിക്കാൻ പോകുന്നത്. ചടങ്ങിൽ അഭിനേതാക്കളും അണിയറപ്രവർത്തകരും പങ്കെടുക്കും. മഹേഷ് ബാബു, പൃഥിരാജ്, പ്രിയങ്കാ ചോപ്ര എന്നിവർ ആദ്യമായി ഒരുമിക്കുന്ന ചിത്രമാണിത്. പി .ആർ. ഒ, മാർക്കറ്റിങ് കൺസൾട്ടന്റ് : പ്രതീഷ് ശേഖർ.



# മെഡിക്കൽ മിറാക്കിൾ

സംഗീത് പ്രതാപ്, ഷറഫുദ്ദീൻ, അഖില ഭാർഗ്ഗവൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ ശ്യാമിൻ ഗിരീഷ് സംവിധാനം ചെയ്യുന്ന 'ഇറ്റ്സ് എ മെഡിക്കൽ മിറാക്കിൾ ' എന്ന ചിത്രത്തിന്റെ ചിത്രീകരണം കൊടുങ്ങല്ലൂരിൽ ആരംഭിച്ചു.

കോട്ടയം നസീർ, കിരൺ പീതാംബരൻ, ആനന്ദ് മന്മഥൻ, ഷിൻസ്, അമിത് മോഹൻ, നിലീൻ സാന്ദ്ര, ശ്രീലക്ഷ്മി, പാർവ്വതി ബാബു, സ്നേഹ ബാബു, പാർവ്വതി കൃഷ്ണ, സൂക്ഷ്മദർശിനി ഫെയിം ബേബി ഹെസ്സാ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ. ഡോക്ടർ പോൾസ് എന്റർടെയ്ൻമെന്റ്, ഡ്രീം ബിഗ് ഫിലിംസ് എന്നീ ബാനറിൽ ഡോക്ടർ പോൾ വർഗീസ്, സുജിത് ജെ. നായർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം അഖിൽ സേവ്യർ നിർവഹിക്കുന്നു.

നിലീൻ സാന്ദ്ര കഥ, തിരക്കഥ സംഭാഷണമെഴുതുന്നു. സംഗീതം-മുജീബ് മജീദ്, എഡിറ്റിംഗ്-ചമ്മൻ ചാക്കോ, പ്രൊഡക്ഷൻ കൺട്രോളർ-മനോജ് പൂങ്കുന്നം, കല-അപ്പുണ്ണി സാജൻ, മേക്കപ്പ്-റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം-ആരതി ഗോപാൽ, സ്റ്റിൽസ്-സിനറ്റ് സേവ്യർ, പരസ്യകല-യെല്ലോ ടൂത്ത്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-വിഷ്ണു ദേവ്, അസോസിയേറ്റ് ഡയറക്ടർ-അജിത് ജോസ്, അസിസ്റ്റന്റ് ഡയറക്ടർ-മുബീൻ മുഹമ്മദ്, ആൽബിൻ ഷാജി, ഷഫീഖ്, അസോസിയേറ്റ് ക്യാമറമാൻ-വി.അശോക് കളത്തിൽ, ഫിനാൻസ് കൺട്രോളർ-ബിബിൻ സേവ്യർ, സൗണ്ട് ഡിസൈൻനിക്സൺ ജോർജ്ജ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-ഉണ്ണി പൂങ്കുന്നം, ഷിന്റോ ഇരിങ്ങാലക്കുട, പ്രൊഡക്ഷൻ മാനേജർ-ആനൂപ് പണിക്കർ, വിതരണം-ഡ്രീം ബിഗ് ഫിലിംസ്, പി.ആർ.ഒ- എ. എസ് ദിനേശ്.




## അമ്പലമുക്കിലെ വിശേഷങ്ങൾ

ഗോകുൽ സുരേഷ്, ലാൽ, ഗണപതി എന്നിവർ കേന്ദ്രകഥാപാത്രങ്ങളിലെത്തുന്ന അമ്പലമുക്കിലെ വിശേഷങ്ങൾ. ഡിസംബർ 5 ന് തീയ്യറ്ററുകളിലെത്തും. ജയറാം കൈലാസാണ് ചിത്രത്തിന്റെ സംവിധാനം നിർവഹിച്ചിരിക്കുന്നത്.

ഗോകുൽ സുരേഷ്, ലാൽ, ഗണപതി, മേജർ രവി, സുധീർ കരമന, മുരളി ചന്ദ്, ഷാജു ശ്രീധർ, നോബി മാർക്കോസ്, ഷഹീൻ, ധർമ്മജൻ, മെറീന മൈക്കിൾ, ബിജുക്കുട്ടൻ, അനീഷ് ജി. മേനോൻ, വനിതാ കൃഷ്ണൻ, സൂര്യ, സുനിൽ സുഗത, സജിത മഠത്തിൽ ഉല്ലാസ് പന്തളം തുടങ്ങി വൻ താരനിരയാണ് ചിത്രത്തിൽ അണിനിരക്കുന്നത്. ചന്ദ് ക്രിയേഷൻസിന്റെ ബാനറിൽ ജെ. ശരത്ചന്ദ്രൻ നായർ നിർമിക്കുന്ന ചിത്രത്തിന് രഞ്ജിൻ രാജ്,അഡീഷണൽ ഗാനം:അരുൾ ദേവ് എന്നിവർ സംഗീതസംവിധാനം നിർവഹിക്കുന്നു. അബ്ദുൾ റഹീം ഛായാഗ്രഹണവും രഞ്ജൻ എബ്രഹാം എഡിറ്റിംഗും നിർവ്വഹിക്കുന്നു ചിത്രത്തിന്റെ കഥ,തിരക്കഥ :ഉമേഷ് കൃഷ്ണൻ, കൊ-പ്രൊഡ്യൂസർ: മുരളി ചന്ദ്, എക്സികുട്ടിവ് പ്രൊഡ്യൂസർ: ഭരത് ചന്ദ്, മുഖ്യ സഹസംവിധാനം: മനീഷ് ഭാർഗവൻ, ഗാന രചന: പി. ബിനു, വസ്ത്രാലങ്കാരം: സ്റ്റെഫി സേവ്യർ, കലാസംവിധാനം: നാഥൻ, പ്രൊഡക്ഷൻ കൺട്രോളർ: നിസാർ മുഹമ്മദ്, മേക്കപ്പ്: പ്രദീപ് രംഗൻ, പി .ആർ. ഒ: പ്രതീഷ് ശേഖർ, സ്റ്റിൽസ്: ക്ലിന്റ് ബേബി, ഡിസൈൻ : സാൻസൺ ആഡ്സ്. രാജ് സാഗർ ഫിലിംസാണ് ചിത്രം കേരളത്തിലെ തിയേറ്ററുകളിലേക്കെത്തിക്കുന്നത്.

# മോഹിനിയാട്ടം തുടങ്ങി

ഭരതനാട്യത്തിനു ശേഷം കൃഷ്ണദാസ് മുരളി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന മോഹിനിയാട്ടം എന്ന ചിത്രത്തിന്റെ ചിത്രീകരണം കണ്ണൂർ ധർമ്മടത്ത് ആരംഭിച്ചു. ഭരതനാട്യം എന്ന ഹിറ്റ് ചിത്രത്തിന്റെ രണ്ടാം ഭാഗമായി അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ സൈജു കുറുപ്പ് കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നു. സൈജു കുറുപ്പ് എന്റർടെയ്ൻമെന്റ്സ്, തോമസ് തിരുവല്ല ഫിലിംസ് എന്നീ ബാനറിൽ ലിനി മറിയം ഡേവിഡ്, അനുപമ ബി. നമ്പ്യാർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ബബുലു അജു നിർവ്വഹിക്കുന്നു. കോ-റൈറ്റർ-വിഷ്ണു ആർ. പ്രദീപ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ- കെ. എം സൽമാൻ, എഡിറ്റിംഗ്-ഷഫീഖ്, സംഗീതം-ഇലക്ട്രോണിക് കിളി, പ്രൊഡക്ഷൻ കൺട്രോളർ-ജിതേഷ് അഞ്ചുമന, കല- ദിൽജിത് എം. ദാസ്, മേക്കപ്പ് -മനോജ് കിരൺ രാജ്, വസ്ത്രാലങ്കാരം-സുജിത് മട്ടന്നൂർ, സ്റ്റിൽസ്-വിഷ്ണു എസ്. രാജൻ, പരസ്യകല-യെല്ലോ ടൂത്ത്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-സാംസൺ സെബാസ്റ്റ്യൻ, സൗണ്ട് ഡിസൈൻ-ധനുഷ് നായനാർ, സൗണ്ട് മിക്സിംഗ്-വിപിൻ നായർ, മോഷൻഡോട്ട്- വിഎഫ്എക്സ് സ്റ്റുഡിയോ, പ്രൊഡക്ഷൻ മാനേജർ-ജോബി, വിവേക്. പി.ആർ.ഒ എ- എസ് ദിനേശ്.



# പുതിയ പ്രിന്ററുകൾ അവതരിപ്പിച്ച് കാനൺ



**കൊച്ചി:** കാനൺ ഇന്ത്യ മൾട്ടിഫംഗ്ഷൻ ഉപകരണങ്ങളുടെ നൂതന ശ്രേണിയായ ഇമേജ് ഫോഴ്സ് സി 5100 കളർ സീരീസും, 6100 മോണോ സീരീസും പുറത്തിറക്കി. സുരക്ഷ, വിശ്വാസ്യത, കണക്റ്റിവിറ്റി, സുസ്ഥിരത എന്നിവയ്ക്ക് പ്രാമുഖ്യം നൽകിയാണ് പുതിയ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. സി 5100 കളർ സീരീസ്, 6100 മോണോ സീരീസ് എന്നിവ അടങ്ങുന്ന ഇമേജ് ഫോഴ്സ് സീരീസ് വർക്ക് ഫ്ളോ ലളിതമാക്കുന്ന ഇന്റലിജന്റ് ഓട്ടോമേഷൻ മുതൽ ഡാറ്റ സംരക്ഷണം ഉൾപ്പെടെയുള്ള സുരക്ഷാ സവിശേഷതകൾ വരെ, ശക്തവും അവബോധജന്യവുമായ അനുഭവം നൽകുന്നതാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ക്ളിയർകോർപ്പ് എഫ്.എക്സ്– എൻ.ബി.ബി.എൽ സഹകരണം

**കൊച്ചി:** നാഷണൽ പെയ്മെന്റ്സ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ പൂർണ സബ്സിഡിയറിയായ എൻ.പി.സി.എൽ ഭാരത് ബിൽപേ ലിമിറ്റഡ് ക്ലിയറിങ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ പൂർണ സബ്സിഡിയറിയായ ക്ലിയർ കോർപ്പുമായി സഹകരിച്ച് ഭാരത് കണക്ടിൽ വിദേശനാണ്യ വിനിമയ വിഭാഗം ആരംഭിച്ചു. ക്ലിയർ കോർപ്പിന്റെ വിദേശനാണ്യ വിനിമയ റീട്ടെയിൽ സംവിധാനവുമായി സംയോജിപ്പിച്ചാണ് ഈ സേവനം ലഭ്യമാക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു. തങ്ങൾക്കു താൽപര്യമുള്ള ബാങ്കിങ്, പെയ്മെന്റ് ആപ്പിനെ ഭാരത് കണക്ടുമായി സംയോജിപ്പിച്ച് റീട്ടെയിൽ ഉപഭോക്താക്കൾക്ക് വിദേശനാണ്യം പ്രയോജനപ്പെടുത്താൻ ഇതു വഴിയൊരുക്കും. പാൻ, മൊബൈൽ നമ്പർ എന്നിവ ഉപയോഗിച്ച് ബാങ്ക് അക്കൗണ്ട് വെരിഫിക്കേഷനിലൂടെ ഭാരത് കണക്ടിലെ വിദേശനാണ്യ സേവനങ്ങൾക്കായി രജിസ്റ്റർ ചെയ്യാം.

# ഇൻഡോ– നമീബിയ ബിസിനസ് കോൺക്ലേവ് 15 ന്

**കൊച്ചി:** ഇന്ത്യയും നമീബിയയും തമ്മിലുള്ള വ്യാപാരബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ നമീബിയൻ ഹൈക്കമ്മീഷണർ ഗബ്രിയേൽ സിനിംബോ കേരളം സന്ദർശിക്കുന്നു. നമീബിയയുടെ ട്രേഡ് കമ്മീഷണറും മലയാളിയുമായ രമേശ്കുമാറിന്റെ ഇടപെടലിലാണ് ഇരു രാജ്യങ്ങൾക്കുമിടയിലെ ബിസിനസ് സഹകരണത്തിന് പുതിയ വഴി തുറക്കുന്നത്. നവംബർ 15 ന് ഹോളിഡേ ഇൻ ഹോട്ടലിൽ നടക്കുന്ന ഇൻഡോ-നമീബിയ ബിസിനസ് കോൺക്ലേവിൽ ഹൈക്കമ്മീഷണർ പങ്കെടുക്കും. വൈകിട്ട് മൂന്ന് മുതൽ ഒൻപത് വരെ നടക്കുന്ന കോൺക്ലേവിൽ വ്യവസായ സംരംഭകർക്ക് ഹൈക്കമ്മീഷണറുമായി നേരിട്ട് സംവദിക്കാം. സിംബാബ്വെ ട്രേഡ് കമ്മീഷണർ ബൈജു എം. കുമാർ, യൂറോപ്യൻ യൂണിയൻ, കോമൺവെൽത്ത് രാജ്യങ്ങളുടെ ട്രേഡ് കമ്മീഷണർ രാഹുൽ സുരേഷ്, ടാൻസാനിയ ട്രേഡ് കമ്മീഷണർ വിനായക് എസ്. മേനോൻ എന്നിവരും കോൺക്ലേവിൽ പങ്കെടുക്കും. ഇന്റർനാഷണൽ ട്രേഡ് ആൻഡ് ബിസിനസ് ചേംബർ ആണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. നമീബിയയിൽ ഒട്ടേറെ വ്യാവസായിക അവസരങ്ങൾ ലഭ്യമാണെന്നും കേരളത്തിൽ നിന്നുള്ള എം.എസ്.എം.ഇകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊച്ചിയിൽ കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നതെന്ന് രമേശ് കുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## കാഴ്ചപരിമിതർക്കുള്ള പ്രഥമ വനിതാ ടി20 വേൾഡ് കപ്പ്

# ഇന്ത്യയ്ക്ക് വിജയത്തുടക്കം




**ന്യൂഡൽഹി:** ലോക ക്രിക്കറ്റിൽ ഒരു പുതിയ അധ്യായത്തിന് തുടക്കമിട്ടുകൊണ്ട് കാഴ്ച പരിമിതർക്കായി സംഘടിപ്പിക്കുന്ന എസ്.ബി.ഐ വനിതാ ടി20 ലോകകപ്പ് ക്രിക്കറ്റിന്റെ ആദ്യ മൽസരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് വിജയം. ന്യൂഡൽഹി മോഡേൺ സ്കൂൾ ഗ്രൗണ്ടിൽ നടന്ന മൽസരത്തിൽ ആദ്യം ബാറ്റ് ചെയ്യാനെത്തിയ ശ്രീലങ്ക 13.3 ഓവറിൽ 41 റൺസിന് ഓൾഔട്ടായി. ഒരു വിക്കറ്റും അഞ്ച് റണ്ണൗട്ടുകളും സ്വന്തമാക്കി ഇന്ത്യൻ വൈസ് ക്യാപ്റ്റൻ ഗംഗ എസ്. കദം മികച്ച ഓൾറൗണ്ട് പ്രകടനം കാഴ്ചവച്ചു.

ടി.സി ദീപികയും, ജമുന റാണി ടുഡുവും ഓരോ വിക്കറ്റ് വീതം വീഴ്ത്തി. മറുപടിയായി, ഇന്ത്യൻ ഓപ്പണർമാർ വെറും 3 ഓവറിൽ വിക്കറ്റ് നഷ്ടമില്ലാതെ 43 റൺസ് നേടി. ക്യാപ്റ്റൻ ടി.സി ദീപിക 14 പന്തിൽ നിന്ന് 26 റൺസ് നേടി പുറത്താകാതെ നിന്നു, അനേക ദേവി 6 പന്തിൽ നിന്ന് 15 റൺസ് നേടി. മുൻ കായിക മന്ത്രി അനുരാഗ് താക്കൂർ എം.പി മത്സരം ഉദ്ഘാടനം ചെയ്തു. കാഴ്ച വൈകല്യമുള്ള വനിതാ സ്പോർട്സ് താരങ്ങൾക്ക് ആഗോളതലത്തിൽ ലഭിക്കുന്ന ശാക്തീകരണവും അംഗീകാരവുമാണിതെന്ന് അനുരാഗ് താക്കൂർ പറഞ്ഞു. ചാമ്പ്യൻഷിപ്പ് നിശ്ചയദാർഢ്യത്തിന്റെയും സമത്വത്തിന്റെയും പ്രതീകമാണെന്ന് മുൻ വിദേശകാര്യ സഹമന്ത്രിയും സംഘാടക സമിതി ചെയർപേഴ്സണുമായ മീനാക്ഷി ലേഖി പറഞ്ഞു. ക്രിക്കറ്റിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് ഈ ടൂർണമെന്റെന്ന് വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ സെക്രട്ടറി ജനറൽ രജനീഷ് ഹെന്റി പറഞ്ഞു.

വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ സംഘടിപ്പിക്കുന്ന ക്രിക്കറ്റ് ടൂർണമെന്റിന് ആതിഥ്യം വഹിക്കുന്നത് സമർത്ഥനം ട്രസ്റ്റ് ഫോർ ദി ഡിസേബിൾഡിനൊപ്പം ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ ഇന്ത്യ, ശ്രീലങ്ക ക്രിക്കറ്റ് അസോസിയേഷൻ ഓഫ് വിഷലി ഹാൻഡിക്യാപ്പ്ഡ് എന്നീ സംഘടനകളാണ്. ഇന്ത്യ, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, നേപ്പാൾ, പാകിസ്ഥാൻ, ശ്രീലങ്ക, യു.എസ് എന്നീ ടീമുകൾ തമ്മിലുള്ള മത്സരങ്ങൾ നവംബർ 23 വരെ ന്യൂഡൽഹി, ബംഗളൂരു, കൊളംബോ എന്നിവിടങ്ങളിലായി നടക്കും.

# ഇൻഫോസിസ് സയൻസ് ഫൗണ്ടേഷൻ: ജേതാക്കളെ പ്രഖ്യാപിച്ചു




**കൊച്ചി:** ഇൻഫോസിസ് സയൻസ് ഫൗണ്ടേഷൻ (ഐ.എസ്.എഫ്) ഈ വർഷത്തെ ഇൻഫോസിസ് പ്രൈസ് വിജയികളെ പ്രഖ്യാപിച്ചു. ശാസ്ത്രത്തിലും ഗവേഷണത്തിലും മികവ് പുലർത്തുന്നവരെ ആദരിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ അവാർഡാണ് ഇൻഫോസിസ് പ്രൈസ്. സാമ്പത്തിക ശാസ്ത്രത്തിൽ മാസ്ച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പ്രൊഫസറായ നിഖിൽ അഗർവാളിനും എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസിൽ ടൊറന്റോ സർവകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ സുശാന്ത് സച്ച്ദേവയ്ക്കുമാണ് പുരസ്കാരങ്ങൾ.

ഹ്യൂമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ് വിഭാഗത്തിലെ പുരസ്കാരത്തിന് അർഹനായത് ചിക്കാഗോ സർവകലാശാലയിലെ അസോസിയേറ്റ് പ്രൊഫസറായ ആൻഡ്രൂ ഒല്ലെറ്റും ലൈഫ് സയൻസസ് പുരസ്കാരത്തിന് അർഹയായത് ബാംഗ്ലൂരിലെ നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസസിലെ അസോസിയേറ്റ് പ്രൊഫസർ അഞ്ജന ബദ്രിനാരായണനുമാണ്. മുംബൈയിലെ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിലെ അസോസിയേറ്റ് പ്രൊഫസറായ സബ്യസാചി മുഖർജി ഗണിതശാസ്ത്ര പുരസ്കാരത്തിനും കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പ്രൊഫസറായ കാർത്തിഷ് മന്ദിറാം ഭൗതികശാസ്ത്രം പുരസ്കാരത്തിനും അർഹരായി.

ഓരോ വിഭാഗത്തിലും 100,000 യു.എസ് ഡോളർ (അല്ലെങ്കിൽ അതിനു തുല്യമായ ഇന്ത്യൻ രൂപ) സമ്മാനത്തുകയ്ക്ക് പുറമെ ഒരു സ്വർണ്ണപ്പതക്കവും പ്രശസ്തിപത്രവുമാണ് സമ്മാനം. വിഖ്യാത പണ്ഡിതരും വിവിധ മേഖലകളിലെ വിദഗ്ധരും അടങ്ങുന്ന അന്താരാഷ്ട്ര ജൂറി പാനലാണ് ഇൻഫോസിസ് പ്രൈസ് 2025 ലെ ജേതാക്കളെ തിരഞ്ഞെടുത്തത്.

ഐ.എസ്.എഫിന്റെ ട്രസ്റ്റിമാരായ കെ. ദിനേശ്, നാരായണമൂർത്തി, ശ്രീനാഥ്ബട്നി, ക്രിസ്ഗോപാലകൃഷ്ണൻ, ഡോ. പ്രതിഭ മൂർത്തി, എസ്.ഡി. ഷിബുലാൽ എന്നിവർ ചേർന്നാണ് ഇൻഫോസിസ്പ്രൈസ് 2025 ലെ വിജയികളെ പ്രഖ്യാപിച്ചത്.

# യു.ടി.ഐ വാല്യൂ ഫണ്ട്: ആസ്തികൾ 10,000 കോടി രൂപ കട

**കൊച്ചി:** യു.ടി.ഐ വാല്യൂ ഫണ്ട് കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തികൾ 10,000 കോടി രൂപ കടന്നതായി 2025 ഒക്ടോബർ 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു. 2005 ലാണ് ഫണ്ട് ആരംഭിച്ചത്. പോർട്ട്ഫോളിയോയിൽ ലാർജ് ക്യാപ് ഷെയറുകൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുമ്പോഴും മൂല്യനിർണ്ണയ വ്യത്യാസങ്ങളെ അടിസ്ഥാനമാക്കി മിഡ്ക്യാപ് നിക്ഷേപം കൂടുതൽ വ്യത്യാസപ്പെടാൻ ഇടയുണ്ട്.

2025 ഒക്ടോബർ 31 വരെ ഫണ്ടിന്റെ നിക്ഷേപത്തിന്റെ ഏകദേശം 66 ശതമാനം ലാർജ് ക്യാപ് ഓഹരികളിലും ബാക്കി മിഡ് ആന്റ് സ്മോൾ ക്യാപ് ഓഹരികളിലുമാണ്. എച്ച്.ഡി.എഫ്.സി ബാങ്ക് ലിമിറ്റഡ്, ഐ.സി.ഐ.സി.ഐ ബാങ്ക് ലിമിറ്റഡ്, ഭാരതി എയർടെൽ ലിമിറ്റഡ്, ഇൻഫോസിസ് ലിമിറ്റഡ്, ആക്സിസ് ബാങ്ക് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ലിമിറ്റഡ്, റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ്, ടെക് മഹീന്ദ്ര ലിമിറ്റഡ് എന്നിവയിലാണ് പദ്ധതിയുടെ പ്രധാന നിക്ഷേപങ്ങളെന്ന് കമ്പനി അധികൃതർ അറിയിച്ചു

# ലവ് ബാൻഡുകളുമായി പ്ലാറ്റിനം ഗിൽഡ്

**കൊച്ചി:** വിവാഹ സീസൺ ലക്ഷ്യമിട്ട് പ്ലാറ്റിനം ലവ് ബാൻഡുകൾ അവതരിപ്പിച്ച് പ്ലാറ്റിനം ഗിൽഡ്. ലോകം അറിയാത്ത, ദമ്പതികൾ മാത്രം പങ്കിടുന്ന സ്വകാര്യ ബന്ധങ്ങളെയും, വാക്കുകളില്ലാത്ത ആഴമേറിയ അടുപ്പത്തെയും പ്രതിനിധീകരിക്കുന്നതാണ് ഈ ആഭരണ കളക്ഷനെന്ന് കമ്പനി അധികൃതർ അറിയിച്ചു. 95 ശതമാനം പരിശുദ്ധിയുള്ള പ്ലാറ്റിനത്തിലാണ് ഈ കളക്ഷൻ രൂപകൽപന ചെയ്തിരിക്കുന്നത്. രണ്ട് പാതകൾ ഒന്നാകുന്നതിനെ സൂചിപ്പിക്കുന്ന ഇഴചേർന്ന രൂപകൽപ്പനകൾ, ബന്ധത്തിലെ വൈരുദ്ധ്യങ്ങളെയും സൗഹൃദത്തെയും ഒപ്പിയെടുക്കുന്ന ഇരട്ടടോൺ വിശദാംശങ്ങൾ എന്നിവ പുതിയ ശേഖരത്തിന്റെ സവിശേഷതയാണ്.

നൂതനവും എന്നാൽ കാലാതീതവുമായ രൂപകൽപ്പനകൾക്ക് മിഴിവേകി ഡയമണ്ട് ആക്സന്റുകളും മൃദുവായ വളവുകളും ലളിതമായ വരകളും ഓരോ മോതിരത്തിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. മുംബൈയിൽ നടന്ന ചടങ്ങിൽ വെച്ചാണ് പുതിയ ശേഖരം അവതരിപ്പിച്ചത്. റിഥം ഓഫ് അസ്, അസ് അൺടിൽ ഇൻഫിനിറ്റി, ലൂപ്ഡ് ഇൻ ലവ്, ടിൻ ഫ്ളെയിംസ്, ദി ലാസ്റ്റ് എമ്പറേസ്, ബ്ലെൻഡഡ് ഇൻ ലവ്, പെർഫക്ട് സിങ്ക് തുടങ്ങി പ്രണയത്തിന്റെ വ്യത്യസ്തമായ പശ്ചാത്തലങ്ങളിലാണ് കളക്ഷൻ ഒരുക്കിയത്. പ്ലാറ്റിനം ലവ് ബാൻഡ്സിന്റെ ഏറ്റവും പുതിയ കളക്ഷൻ രാജ്യത്തെ പ്രമുഖ ജ്വല്ലറി റീട്ടെയിൽ സ്റ്റോറുകളിലും, https://platinumdaysoflove.com/ എന്ന വെബ്സൈറ്റിലും ലഭ്യമാണ്.






# ഫിറ്റ്നസ് ചലഞ്ചുമായി ലുലു മാൾ

**കൊച്ചി:** 15 ദിവസം നീണ്ടു നിൽക്കുന്ന ഫിറ്റ്നസ് ചലഞ്ച് ലുലു കൊച്ചി ഡയറക്ടർ സാദിഖ് കാസിം ഉദ്ഘാടനം ചെയ്തു. ലുലുമാൾ ജനറൽ മാനേജർ വിഷ്ണു ആർ. നാഥ്, മാൾ മാനേജർ റിചേഷ് റിജേഷ് ചാലുപറമ്പിൽ തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിച്ചു. ആരോഗ്യത്തിന്റെ പ്രധാന്യവും വ്യായാമം നിത്യജീവിതത്തിൽ എത്രത്തോളം ആവശ്യമാണ് എന്നതിന്റെ അവബോധം ഉണർത്തിയാണ് ലുലുവിന്റെ നേതൃത്വത്തിൽ ഫിറ്റ്നസ് ചലഞ്ച് സംഘടിപ്പിച്ചിരിക്കുന്നത്. വിവിധ ദിവസങ്ങളിലായി ഫിറ്റ്നസ് റൺ, മാൾ എ തോൺ, ലുലു ഓൾ കേരള ആം റസ്ലിങ്ങ് ചാംപ്യൻഷിപ് , ലുലു ഫിറ്റ്നസ് ചലഞ്ച് എന്നിവ നടക്കും. കേരളത്തിലെ വിവിധ ഇടങ്ങളിൽ നിന്നുള്ളവർക്ക് മത്സരിക്കുവാനുള്ള അവസരമാണ് ലുലു ഓൾ കേരള ആം റസ്ലിങ്ങ് ചാംപ്യൻഷിപിലൂടെ ഒരുക്കിയിട്ടുള്ളത്.

ചാമ്പ്യൻ ഓഫ് ചാമ്പ്യൻസ് പുരസ്കാരമായി 20,000 രൂപയുടെ ക്യാഷ് അവാർഡും ഒന്നാം സ്ഥാനം നേടുന്ന വിജയിക്ക് 10,000 രൂപയും, രണ്ടാം സമ്മാനം നേടുന്ന ആൾക്ക് 7,000 രൂപയും. മൂന്നാം സമ്മാനം നേടുന്ന ജേതാവിന് 5,000 രൂപയും ക്യാഷ് അവാർഡായി നൽകും.

മാൾ എ തോണിൽ കുട്ടികളെ പങ്കെടുപ്പിച്ച് നടത്തുന്ന വിവിധ വ്യായാമ മത്സരങ്ങളാണ് നടക്കുക. 14ന് മാൾ എ തോൺ, 15ന് ലുലു ഓൾ കേരള ആം റസ്ലിങ്ങ് ചാംപ്യൻഷിപ് , 16 ന് ലുലു ഫിറ്റ്നസ് ചലഞ്ച് എന്നിവ നടക്കും.

പ്രീ-രജിസ്ട്രേഷനിലൂടെയാണ് എല്ലാ മത്സരങ്ങളും നടക്കുക.

# യു.എസ്.ടിക്ക് തുടർച്ചയായ നാലാമത്തെ ഇന്ത്യൻ സി.എസ്.ആർ അവാർഡ്

**തിരുവനന്തപുരം:** എ.ഐ, ടെക്നോളജി ട്രാസ്ഫർമേഷൻ സൊലൂഷൻസ് കമ്പനിയായ യു.എസ്.ടി, തുടർച്ചയായ നാലാം വർഷവും ഇന്ത്യൻ സി.എസ്.ആർ അവാർഡുകൾക്ക് അർഹമായി.

ന്യൂഡൽഹിയിൽ നടന്ന ഇന്ത്യൻ സി.എസ്.ആർ അവാർഡ്സ് 2025 ന്റെ വേദിയിൽ മോസ്റ്റ് ഇംപാക്ട്ഫുൾ സേവ് വാട്ടർ ഇനിഷിയേറ്റീവ് ഓഫ് ദി ഇയർ പുരസ്കാരവും, എഡ്യൂക്കേഷൻ, ഹെൽത്ത് ആൻഡ് ലൈവ്‌ലിഹുഡ് ഇനീഷ്യേറ്റിവ്സ് ഫോർ പീപ്പിൾ വിത്ത് ഡിസെബിലിറ്റീസ് പുരസ്കാരവും കമ്പനി നേടി. സാമൂഹിക പ്രതിബദ്ധതയോടെ യു.എസ്.ടി നടപ്പാക്കി വരുന്ന സാമൂഹിക, സുസ്ഥിര പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ അവാർഡുകൾ.

1999ൽ സ്ഥാപിതമായതു മുതൽ, ജീവിതപരിവർത്തന ലക്ഷ്യങ്ങളുമായി പ്രവർത്തിക്കുന്ന യു.എസ്.ടി, ഇന്ത്യയിലെ ഒമ്പത് സംസ്ഥാനങ്ങളിലായി 127 പദ്ധതികൾ നടപ്പിലാക്കുകയും ഒരു ലക്ഷത്തിലധികം ആളുകളെ ക്രിയാത്മകമായി സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്.

ജലസംരക്ഷണ ഉദ്യമങ്ങളിൽ, സർക്കാരിതര സ്ഥാപനങ്ങളുമായും ചുറ്റുമുള്ള സമൂഹങ്ങളുമായും കൈകോർത്ത് വലിയ തോതിലുള്ള പ്രകൃതി വിഭവ സംരക്ഷണ ശ്രമങ്ങൾ നടത്തിവരികയാണ് യു.എസ്.ടി.

2024-25ൽ, എൻവയോൺമെന്റലിസ്റ്റ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് കർണാടകയിലെ ഹെട്ടനഹള്ളി തടാകത്തിന്റെയും തമിഴ്നാട്ടിലെ കരനൈതങ്കൽ തടാകത്തിന്റെയും പുനരുജ്ജീവന പ്രവർത്തനങ്ങളിലൂടെ 60 ഏക്കർ പുനഃസ്ഥാപിച്ച്, ഏകദേശം 170 ബില്യൺ ഗാലൺ ജലം സംരക്ഷിക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. ഡൽഹിയിൽ നടന്ന ചടങ്ങിൽ യു.എസ്.ടിക്കു വേണ്ടി സ്മിത ശർമ അവാർഡുകൾ ഏറ്റുവാങ്ങി.

# തലൈവൻ ഒരുവൻ പുറത്തിറക്കി കോക്ക് സ്റ്റുഡിയോ ഭാരത്

**കൊച്ചി:** ഇന്ത്യയുടെ സമകാലിക സംഗീതലോകത്തെ പുനർനിർവചിക്കുന്ന വേദിയായ കോക്ക് സ്റ്റുഡിയോ ഭാരത് സീസൺ മൂന്നിന്റെ ഭാഗമായി ഏറ്റവും പുതിയ ട്രാക്കായ തലൈവൻ ഒരുവൻ പുറത്തിറക്കി.

ഓഫ്ആർഒയും എസ്‌വിഡിപിയും ഇന്ത്യൻ കോറൽ എൻസംബിളും സന്തോഷ് നാരായണനോടൊപ്പം നേതൃത്വം നൽകിക്കൊണ്ട് സൃഷ്ട്ടിച്ച തലൈവൻ ഒരുവൻ ഇപ്പോൾ രാജ്യവ്യാപകമായി ശ്രോതാക്കൾക്കായി തത്സമയം സംപ്രേഷണം ചെയ്യുന്നു. തമിഴ് സംഗീതത്തിന്റെ ശബ്ദവും ആത്മാവും ഉൾക്കൊള്ളുന്ന ഒരു ട്രാക്കാണ് തലൈവൻ ഒരുവനെന്നും സംഗീതസംവിധായകൻ എന്ന നിലയിൽ, പാട്ടിന്റെ വികാരങ്ങളിൽ സത്യസന്ധതയും ഉദ്ദേശ്യത്തിൽ കരുത്തും നിലനിർത്തുന്നതിലായിരുന്നു എന്റെ ശ്രദ്ധയെന്നും സംഗീത സംവിധായകനും ഗായകനുമായ സന്തോഷ് നാരായണൻ പറഞ്ഞു.

# സ്പേസ് വുഡ് ഭാവി വികസനത്തിനായി 300 കോടി രൂപ സമാഹരിച്ചു

**കൊച്ചി:** മുൻനിര മോഡുലാർ ഫർണിച്ചർ നിർമ്മാതാക്കളായ സ്പേസ് വുഡ് സ്വകാര്യ ഇകിറ്റി സ്ഥാപനമായ എ91 പാർട്ട്ണേഴ്സിൽ നിന്ന് 300 കോടി രൂപയുടെ നിക്ഷേപം സമാഹരിച്ചു. കമ്പനിയുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ, വിപുലീകരണം, ബ്രാൻഡ് കെട്ടിപ്പടുക്കൽ എന്നിവയ്ക്കായി പ്രയോജനപ്പെടുത്തുന്ന ഈ നിക്ഷേപം എ91 പാർട്ട്ണേഴ്സിന് സ്പേസ്‌വുഡിലെ നിർണായകമായ ന്യൂനപക്ഷ ഓഹരികൾ ലഭ്യമാക്കും. എ91 പാർട്ട്ണേഴ്സ് തങ്ങളുടെ ബോർഡിലെത്തുന്നതിൽ ആവേശഭരിതരാണെന്നും നിക്ഷേപം എന്നതിലുപരിയായി കൺസ്യൂമർ ബ്രാൻഡുകൾ വളർത്തുന്നതിലെ ആഴത്തിലെ അനുഭവ സമ്പത്തു കൂടിയാണ് അവർ ലഭ്യമാക്കുന്നതെന്നും സ്പേസ് വുഡ് സഹ സ്ഥാപകനും ഡയറക്ടറുമായ കിരിത് ജോഷി പറഞ്ഞു. പ്രമുഖ സ്ഥാനത്തു നിൽക്കുന്ന കമ്പനിയെ കൂടുതൽ വളർത്തുന്നതിലും വിപണി വിപുലീകരിക്കുന്നതും ഉള്ള അവസരമാണ് ഈ പങ്കാളിത്തത്തിലൂടെ ലഭിക്കുന്നതെന്ന് എ91 പാർട്ട്ണേഴ്സിന്റെ പാർട്ടണറായ അഭയ് പാണ്ഡേ പറഞ്ഞു. 1996ൽ കിരിത് ജോഷി, വിവേക് ദേശ്പാണ്ഡെ എന്നിവർ ചേർന്ന് സ്ഥാപിച്ചതാണ് സ്പേസ് വുഡ്.

# പുതിയ ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കോഴിക്കോട്:** ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്, യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകൾക്ക് വേണ്ടി ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫ് ബിഎസ്ഇ 500 എൻഹാൻസ്ഡ് വാല്യൂ 50 ഇൻഡക്സ് ഫണ്ട് എന്ന പേരിൽ പുതിയ ഫണ്ട് അവതരിപ്പിച്ചു. അടിസ്ഥാനപരമായി ശക്തമെങ്കിലും താൽക്കാലികമായി കുറഞ്ഞ മൂല്യമുള്ള കമ്പനികളിലെ നിക്ഷേപ അവസരങ്ങൾ പ്രയോജനപ്പെടുത്തുക എന്നതാണ് ഈ ഫണ്ടിന്റെ ലക്ഷ്യം. 2006 മുതൽ 2024 വരെയുള്ള 19 വർഷങ്ങളിൽ 12 വർഷവും ബിഎസ്ഇ 500 എൻഹാൻസ്ഡ് വാല്യൂ 50 ഇൻഡക്സ് അതിന്റെ പ്രധാന ഇൻഡക്സിനെക്കാൾ മികച്ച പ്രകടനമാണ് നടത്തിയത്. ഇന്ത്യയുടെ വികസന മുന്നേറ്റത്തിൽ പങ്കുചേരാൻ യൂലിപ് ഉപഭോക്താക്കൾക്ക് ലളിതവും സുതാര്യവുമായ മാർഗം ബിഎസ്ഇ 500 എൻഹാൻസ്ഡ് വാല്യൂ 50 ഇൻഡക്സ് ഫണ്ട് വാഗ്ദാനം ചെയ്യുമെന്ന് ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡിന്റെ ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ മനീഷ് കുമാർ അഭിപ്രായപ്പെട്ടു.

# സാംസങ് വാറന്റി പ്ലാനുകൾ വിപുലീകരിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്, സാംസങ് കെയർ പ്ലസ് സേവനം ഹോം അപ്ലയൻസുകൾക്കും വ്യാപിപ്പിച്ചു. റഫ്രിജറേറ്റർ, വാഷിംഗ് മെഷീൻ, എയർ കണ്ടീഷണർ, മൈക്രോവേവ് ഒവൻ, സ്മാർട്ട് ടി.വി. എന്നിവയ്ക്കായി 1 മുതൽ 4 വർഷം വരെയുള്ള എക്സ്റ്റൻഡഡ് വാറന്റി പ്ലാനുകൾ ലഭിക്കും. പ്രതിദിനം 2 രൂപ മുതൽ ആരംഭിക്കുന്ന ഈ പ്ലാനുകൾ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യവും സംരക്ഷണവും നൽകും. പുതുക്കിയ സാംസങ് കെയർ പ്ലസ് സേവനത്തിൽ ഹാർഡ്‌വെയർ പ്രശ്നങ്ങൾക്കൊപ്പം സോഫ്റ്റ്‌വെയർ അപ്ഡേറ്റുകളും സ്ക്രീൻ മാൽഫങ്ഷൻ കവറേജും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫിസിക്കൽ ഡാമേജില്ലാത്ത സ്ക്രീൻ തകരാറുകൾക്കും സംരക്ഷണം നൽകുന്ന ഇത്, വ്യവസായത്തിലെ ഏറ്റവും സമഗ്രമായ പ്രൊട്ടക്ഷൻ പ്രോഗ്രാമായി മാറുന്നുവെന്ന് സാംസങ് ഇന്ത്യ ഡിജിറ്റൽ അപ്ലയൻസസ് വൈസ് പ്രസിഡന്റ് ഗുഫ്റാൻ ആലം പറഞ്ഞു. ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുകയാണ് തങ്ങളുടെ ലക്ഷ്യം. സോഫ്റ്റ്‌വെയർ അപ്ഡേറ്റ്, സ്ക്രീൻ കവറേജ് പോലുള്ള പ്രത്യേക ആനുകൂല്യങ്ങളോടൊപ്പം സാംസങ് കെയർ പ്ലസ് എക്സ്റ്റൻഡഡ് വാറന്റി പ്ലാനുകൾ എല്ലാ ചാനലുകളിലുമെത്തിക്കുമെന്നും ഗുഫ്റാൻ ആലം പറഞ്ഞു.

# എലിക്സർ ജുവൽസും ബീറ്റാ ഗ്രൂപ്പും കൈകോർക്കുന്നു

**കൊച്ചി :** കേരള സ്റ്റാർട്ടപ്പ് മിഷനിലെ യുണീക് ഐഡി സ്റ്റാർട്ടപ്പായ എലിക്സർ ജുവൽസ് ബഹുരാഷ്ട്ര ശതകോടീശ്വര കൂട്ടായ്മയായ ബീറ്റാ ഗ്രൂപ്പുമായി കൈകോർത്തു. ലബോറട്ടറിയിൽ വളർത്തിയ വജ്ര സാങ്കേതികവിദ്യയിലും വ്യവസായത്തിലും കേരളത്തെ ആഗോള കേന്ദ്രമാക്കാൻ ഈ സഹകരണത്തോടെ സഹായിക്കും. എലിക്സർ ഗ്രൂപ്പിന്റെ ഡയറക്ടർ ബോർഡിലേക്ക് ബീറ്റാ ഗ്രൂപ്പിന്റെ സ്ഥാപകൻ രാജ്മോഹൻ പിള്ള, ഡയറക്ടർ രാജ് നാരായണൻ പിള്ള എന്നിവരെ ഉൾപ്പെടുത്തി. പി. ആർ സൈരാജ് സ്ഥാപകനും, മിഥുൻ അജയ്, എം. മുനീർ, രാഹുൽ പച്ചിഗർ എന്നിവർ സഹസ്ഥാപകരുമായ എലിക്സർ കേരളത്തിൽ ആരംഭിച്ച് മുംബൈയിലും സൂറത്തിലുമായാണ് പ്രവർത്തിക്കുന്നത്.

എഫ്.എം.സി.ജി, ലോജിസ്റ്റിക്സ്, സ്പോർട്സ് മാനേജ്മന്റ് തുടങ്ങിയ വാണിജ്യമേഖലകളിലും ഇന്ത്യയിലെ സ്റ്റാർട്ടപ്പ് നിക്ഷേപങ്ങളിലും സജീവ പങ്കാളിത്തമുള്ള ആഗോള ശതകോടീശ്വര കൂട്ടായ്മയാണ് കൊല്ലം ആസ്ഥാനമായി ആരംഭിച്ച ബീറ്റാ ഗ്രൂപ്പ്. സുസ്ഥിരത വളർച്ചയ്ക്കും അന്താരാഷ്ട്രതലത്തിൽ ശ്രദ്ധയാകർഷിക്കുന്നതിനും എലിക്സർ ജുവൽസും ബീറ്റാ ഗ്രൂപ്പും തമ്മിലുള്ള സഹകരണം നിർണായകമാണ്. നൂതന സാങ്കേതികവിദ്യ അവലംബിച്ച് ആഭരണ വ്യവസായത്തിൽ വിപ്ലവം സൃഷ്ടിക്കാനും ഈ സഹകരണം വഴിവയ്ക്കുമെന്ന് പി. ആർ സൈരാജ് പറഞ്ഞു. ഖനനം ചെയ്ത വജ്രങ്ങളുടെ അതേ പരിശുദ്ധിയും തിളക്കവുമുള്ള വജ്രങ്ങൾ ലാബിൽ നിർമ്മിച്ച് സുസ്ഥിരമായ ആഡംബരത്തിന് വഴിയൊരുക്കുകയാണ് എലിക്സർ ചെയ്യുന്നത്. പരിസ്ഥിതിക്ക് ദോഷകരമായതും മാനവികചൂഷണരഹിതവുമായ വജ്രത്തിന് ഇപ്പോൾ ഡിമാൻഡ് കൂടി വരികയാണ് 5 ലക്ഷം രൂപ വിലവരുന്ന ഒരു വജ്രം 50,000 ത്തിന് വാങ്ങാൻ ഇതുവഴി സാധിക്കുന്നു. കോവളത്ത് വർഷം തോറും സംഘടിപ്പിച്ചു വരുന്ന ഹഡിൽ ഗ്ലോബലിന്റെ 2024 ലക്കത്തിൽ ലാബ് വജ്ര ശേഖരം പ്രദർശിപ്പിച്ചതാണ് കമ്പനിക്ക് വഴിത്തിരിവായതെന്ന് സൈരാജ് ചൂണ്ടിക്കാട്ടി. ക്രമേണ വിപണി കേരളത്തിനകത്തും പുറത്തും വ്യാപിപ്പിക്കാൻ സാധിച്ചു. ലാബ് വജ്രങ്ങളുടെ മൂല്യത്തെക്കുറിച്ചും സുസ്ഥിരതയെക്കുറിച്ചുമുള്ള അവബോധം വർധിച്ചത് എലിക്സറിന് ഗുണകരമായി. ഇന്റർനാഷണൽ ജെമോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ഐ.ജി.ഐ), ജെമോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അമേരിക്ക(ജി.ഐ.എ), സോളിറ്റയർ ജെമോളൊജിക്കൽ ലബോറട്ടറീസ്(എസ്.ജി.എൽ) എന്നിവയുടെ സർട്ടിഫിക്കേഷനുള്ളതാണ് ഈ വജ്രങ്ങൾ. ഉയർന്ന താപനിലയിലും മർദ്ദത്തിലും പ്രകൃതിദത്തമായ രൂപീകരണം അനുകരിക്കുന്ന നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഇവ നിർമ്മിക്കുന്നത്. സമാനതകളില്ലാത്ത ഗുണനിലവാരവും ധാർമ്മിക പ്രതിബദ്ധതയും ഈ വജ്രങ്ങൾ ഉറപ്പാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.



# കൊട്ടക് മ്യൂച്വൽ ഫണ്ടിന്റെ എൻ.എഫ്.ഒ ആരംഭിച്ചു

**കൊച്ചി:** കൊട്ടക് മഹീന്ദ്ര അസറ്റ് മാനേജ്മെന്റ് കമ്പനിയുടെ കീഴിലുള്ള കൊട്ടക് മ്യൂച്വൽ ഫണ്ടിന്റെ കൊട്ടക് റൂറൽ ഓപ്പോർച്യൂണിറ്റീസ് ഫണ്ട് എൻ.എഫ്.ഒ ആരംഭിച്ചു.

അപക്ഷേിക്കാനുള്ള അവസാന തീയതി നവംബർ 20. ചുരുങ്ങിയത് ആയിരം രൂപയും അതിനു മുകളിൽ ഇഷ്ടമുള്ള തുകയും നിക്ഷേപിക്കാമെന്ന് ഫണ്ട് മാനേജർ അർജുൻ ഖന്ന പറഞ്ഞു. എസ്.ഐ.പി പർച്ചേസുകൾക്ക് ചുരുങ്ങിയ നിക്ഷേപത്തുക 500 രൂപ. ഇന്ത്യയുടെ ഗ്രാമീണ മേഖലയിൽ വൻമാറ്റങ്ങൾ നടപ്പാക്കുന്ന കമ്പനികളിൽ നിക്ഷേപിച്ച് ദീർഘകാല മൂലധന വളർച്ച ലക്ഷ്യമിടുന്ന ഫണ്ടിന്റെ ബെഞ്ച്മാർക്ക് ഇൻഡെക്സ് നിഫ്റ്റി റൂറൽ ഇൻഡെക്സ് ആയിരിക്കുമെന്ന് കൊട്ടക് മഹീന്ദ്ര അസറ്റ് മാനേജ്മെന്റ് കമ്പനി എം.ഡി നിലേഷ് ഷാ പറഞ്ഞു. ഗ്രാമീണ ഇന്ത്യയുടെ വളർച്ച കൃഷിയെ മാത്രം ആശ്രയിച്ചിരുന്ന കാലം കഴിഞ്ഞുപോയെന്നും ഇന്ത്യയുടെ ഗ്രാമങ്ങൾ വൻമാറ്റങ്ങൾക്ക് വിധേയമാവുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൂടുതൽ വിവരങ്ങൾക്ക് www.kotakmf.com

1998ൽ പ്രവർത്തനമാരംഭിച്ച കൊട്ടക് മഹീന്ദ്ര അസറ്റ് മാനേജ്മെന്റ് കമ്പനിക്ക് 2025 സെപ്തംബർ 25ലെ കണക്കുകൾ പ്രകാരം 76.84 ലക്ഷം യുണീക് പോർട്ട്ഫോളിയോസും രാജ്യത്തെ 107 പട്ടണങ്ങളിലായി 119 ശാഖകളുമുണ്ട്







RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com